രണ്ടാം പാദവാർഷിക പരീക്ഷ - 2017

ഉത്തര സൂചിക

ഒൻപതാം തരം

22-12-2016 സോഷ്യൽ സയൻസ് Mark : 80

---

1. i b] അക് ബർ
   ii b] മറാത്താസാമ്രാജ്യം 2

2. ***ജനന നിരക്ക്*** - ഉയർന്ന ജനന നിരക്ക് ജനസംഖ്യാ വർദ്ധനവിന് കാരണമാകുന്നു.
   ***മരണനിരക്ക്*** - കുറഞ്ഞ മരണനിരക്ക് ജനസംഖ്യാ വർദ്ധനവിന് കാരണമാകുന്നു.
   ***കുടിയേറ്റം*** - കുടിയേറ്റം ഒരു പ്രദേശത്തെ ജനസംഖ്യാ വർദ്ധനവിനും മറ്റൊരു പ്രദേശത്തെ ജനസംഖ്യാക്കുറവിനും കാരണമാകുന്നു. 3

3. സ്വന്തമായി കൃഷിഭൂമിയുള്ളവർ - **ഖുദ് കഷ് ത**
മറ്റുള്ളവരുടെ കൃഷിഭൂമിയിൽ കൃഷി ചെയ്യുന്നവർ -**പാഹി കഷ് ത** 2

4. a. ഉപരിഘട്ടം , മധ്യഘട്ടം , കീഴ്ഘട്ടം
   b. ഡൽറ്റ - കീഴ്ഘട്ടം
   ഓക് സ് ബോ തടാകം - മധ്യഘട്ടം
   താഴ് വരകൾ - ഉപരിഘട്ടം 3

5.

| എ | ബി |
|---|---|
| ദസ് വന്ത് | രാസ് നാമ |
| താൻ സെൻ | ദർബാരി രാഗം |
| കബീർ | ദോഹകൾ |
| മീരാഭായി | ഭജനകൾ |

4

6.

| ഭൂരൂപം | രൂപീകരണസഹായി | രൂപീകരണപ്രക്രിയ |
|---|---|---|
| മണൽക്കുനകൾ | കാറ്റ് | നിക്ഷേപണം |
| സ്റ്റാലക് മൈറ്റുകൾ | ഭൂഗർഭജലം | നിക്ഷേപണം |
| പ്രളയ സമതലങ്ങൾ | നദികൾ | നിക്ഷേപണം |

3

7\. - ഭരണത്തിന്റേയും സൈന്യത്തിന്റേയും നീതിന്യായത്തിന്റേയും തലവൻ സുൽത്താനായിരുന്നു.

- സുൽത്താനെ സഹായിക്കാൻ നിരവധി മന്ത്രിമാരും ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു.
- ശക്തമായ സൈന്യത്തെ നിലനിർത്തിയിരുന്നു
- ഭരണസൗകര്യത്തിനായി വിശാലമായ രാജ്യത്തെ പല ഭാഗങ്ങളായി വിഭജിച്ചിരുന്നു.

4

8\. A- അടിത്തട്ടിലെ അപരദനം

നദിയുടെ ആഴം കൂടുന്നു

B- വശങ്ങളിലെ അപരദനം

താഴ് വരയുടെ വിസ്തൃതി വർദ്ധിക്കുന്നു. 2

9\.

| പ്രാദേശിക ഭരണം | |
|---|---|
| സൽത്തനത്ത് കാലം | മുഗൾ കാലം |
| - സാമ്രാജ്യത്തെ പ്രവശ്യകൾ, ഷിക്കുകൾ പർഗാനകൾ ,ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.<br>- ഓരോ വിഭാഗത്തിനും പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചു. | - സാമ്രാജ്യത്തെ സുബകൾ സർക്കാരുകൾ, പര്ഗാനകൾ ,ഗ്രാമങ്ങൾ എന്നിങ്ങനെ തരംതിരിച്ചിരുന്നു.<br>- ഓരോ ഘടകത്തിന്റേയും ഭരണത്തിനായി ഉദ്യോഗസ്ഥരുടെ ഒരു ശ്യംഘല ഉണ്ടായിരുന്നു. |

4

10\. - സമ്പത്തിലുള്ള അസമത്വം

- വരുമാനത്തിലുള്ള അസമത്വം
- ഭൂപ്രദേശങ്ങൾ തമ്മിലുള്ള അസമത്വം.

രാജ്യത്തിന്റെ മൊത്തം സമ്പത്തിലും രാജ്യത്ത് ലഭ്യമായ വരുമാനത്തിലുംജനങ്ങൾക്കുള്ള പങ്കിന്റെ അടിസ്ഥാനത്തിലാണ് സമ്പത്തിലുള്ള അസമത്വവും വരുമാനത്തിലുള്ള അസംത്വവും കണക്കാക്കുന്നത്.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങൽ തമ്മിലും സംസ്ഥാനത്തിനകത്തെ ഗ്രാമ നഗരങ്ങൾ തമ്മിലും വികസനത്തിൽ അസമത്വം നിലനിൽക്കുന്നു.ഇതാണ് ഭൂപ്രദേശങ്ങൾ തമ്മിലുള്ള അസമത്വം. 4

11\.

| അടിമ സമ്പ്രദായം |
|---|

- മധ്യകാല ഇന്ത്യൻ സമൂഹത്തിൽ അടിമസമ്പ്രദായം നിലനിന്നിരുന്നതായി ഇബ്ബ

ബത്തൂത്ത വ്യക്തമാക്കുന്നു.
- പ്രത്യേക അടിമ ചന്തയുണ്ടായിരുന്നു.
- യുദ്ധതടവുകാരായി പിടിക്കപ്പെട്ടവരാണ് അടിമകളിൽ ഏറേയും.
- ആഫ്രിക്കയിൽ നിന്നും അടിമകളെ ഇറക്കുമതി ചെയ്തിരുന്നു.

സ്ത്രീകളുടെ പദവി

- ശൈശവ വിവാഹവും സതി അനുഷ്ഠാനവും നിലനിന്നിരുന്നു.
- പുനർ വിവാഹത്തിന് നിയന്ത്രണങ്ങളുണ്ടായിരുന്നു.
- വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചിരുന്നില്ല.
- ഉന്നത രാഷ്ട്രീയ സാമൂഹിക പദവി അലങ്കരിച്ച നിരവധി സ്ത്രീകൾ ഉണ്ടായിരുന്നു.
ഉദാ: സുൽത്താന റസിയ

ജാതി വ്യവസ്ഥ

- ജാതി അടിസ്ഥാനമാക്കിയുള്ള ഉച്ച നീചത്വങ്ങൾ ഉണ്ടായിരുന്നു.
- ബ്രാഹ്മണരായിരുന്നു സമൂഹത്തിൽ ഉന്നതർ.
- പുതിയ തൊഴിൽ കൂട്ടങ്ങൾ വന്നതോടെ ഇവർ പ്രത്യേക ജാതികളായി പരിണമിച്ചു.
- ദക്ഷിണേന്ത്യയിൽ ജാതികളെ ഇടങ്കൈ , വലങ്കൈ എന്നിങ്ങനെ രണ്ടായി വിഭജിച്ചിരുന്നു.

or

- വയലുകളിൽ വർഷത്തിൽ മൂന്ന് തവണകൃഷി ഇറക്കിയിരുന്നതായി **ഇബ് നു ബത്തൂത്ത** തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു.
- കൃഷി വ്യാപിപ്പിക്കുന്നതിനായി **ബാൽബൻ** ദൊവാബ് പ്രദേശം കർഷകർക്ക് വീതിച്ചുകൊടുത്തു.
- **ഫിറോഷ് ഷാ തുഗ്ലക്** കിണറുകൾ നിർമ്മിക്കാൻ കർഷകർക്ക് പണം മുൻകൂറായി നൽകി.
- നെല്ല് , ഗോതമ്പ് , ബാർലി , കരിമ്പ് , പരുത്തി , എണ്ണ ക്കുരുക്കൾ , നീലം എന്നിവയായിരുന്നു **പ്രധാന കൃഷി.**
- ജലസേചനത്തിനായി **പേർഷ്യൻ ചക്രം** ഉപയോഗിച്ചിരുന്നു.
- ഇരുമ്പു കൊഴു ഘടിപ്പിച്ച് ഭാരം കുറഞ്ഞ കലപ്പയും വിത്ത് വിതക്കാനുള്ള **ഡ്രിൽ** എന്ന ഉപകരണവും ഉപയോഗിച്ചു.
- സ്പെയിൻ , ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്ന് **ചോളം** കൊണ്ടുവന്ന് കൃഷി ചെയ്തു.
- ജലസേചനത്തിനായി ചോള രാജാക്കന്മാർ **കനാലുകൾ** നിർമ്മിച്ചു. 6

12. a] ലവണത്വം കൂടുന്നു.
 b] ലവണത്വം കൂടുതലായിരിക്കും
 c] ലവണത്വം കുറയുന്നു.

d] ലവണത്വം കുറയുന്നു. 2

13. മികച്ച വിദ്യാഭ്യാസം

↓

ജോലി സാധ്യത ഉണ്ടാകുന്നു.

↓

നല്ല ജോലി, വരുമാനം , വാങ്ങൽശേഷി വർദ്ധിക്കുന്നു.

↓

മികച്ച ജീവിത സാഹചര്യങ്ങൾ ഉണ്ടാകുന്നു 4

14. - പേർഷ്യൻ - ഹിന്ദി ഭാഷകളുടെ സമന്വയത്തിന്റെ ഭാഗമായി ഉറുദു എന്ന ഭാഷ രൂപം കൊണ്ടു.

- ഉറുദു പട്ടണങ്ങളിലെ ഏറ്റവും പ്രചാരമുള്ള സംസാരഭാഷയായിരുന്നു. 2

15. മൊറൈനുകൾ നിക്ഷേപണ ഭൂരൂപങ്ങളാണ്. 2

16. - ഭക്തി പ്രസ്ഥാന പ്രബോധകർ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചത് പ്രാദേശികഭാഷയിലൂടെയായിരുന്നു.

- സധാരണ ജനങ്ങൾക്ക് മനസിലാക്കാൻ വേണ്ടിയാണ് അവർ അങ്ങനെ ചെയ്തത്.

- ഹിന്ദിയുടെ രണ്ടുരൂപങ്ങളായ ബ്രജ്ഞും അവധിയും സംസാരഭാഷയായി ഉപയോഗിച്ചു.

- പഞ്ചാബി, കന്നഡ , തെലുങ്ക്, ഒറിയാ , അസാമീസ്, മറാത്തി, ബംഗാളി,സിന്ധി , മലയാളം എന്നീ പ്രാദേശിക ഭാഷകൾ നിലവിൽ വന്നു. 4

17.

| ലവണജലത്തിൽ നിന്നും ജലം വേർതിരിക്കൽ | ലവണജലത്തിൽ നിന്നും ലവണം വേർതിരിക്കൽ |
|---|---|
| സ്വേദനം<br>ബാഷ്പീകരണം<br>സാന്ദ്രീകരണം | ഇലക്ട്രോ ഡയാലിസിസ്<br>വിപരീത ഓസ്മോസിസ് |

2

18. - കാവേരി നദിയിലെ ജലസമൃദ്ധി.

- കൈവഴികളിലൂടെ ഒഴുകിയെത്തുന്ന എക്കൽമണ്ണ്

- ജലസേചനത്തിനായി ചോളരാജാക്കന്മാർ നിർമ്മിച്ച കനാലുകൾ 2

19. സമുദ്രങ്ങൾ പല വിധത്തിൽ മനുഷ്യന് പ്രയോജനപ്പെടുന്നു.

**<u>കാലാവസ്ഥ</u>**

- കടൽക്കാറ്റും കരക്കാറ്റും തീരപ്രദേശത്തെ താപനിലയെ നിയന്ത്രിക്കുന്നു.

- മഴ, കാറ്റ് , ചക്രവാതം തുടങ്ങിയ കാലാവസ്ഥാപ്രതിഭാസങ്ങളുടെ രൂപീകരണത്തിൽ സമുദ്രങ്ങൾക്ക് പങ്കുണ്ട്.

- തീരപ്രദേശങ്ങളിൽ പൊതുവെ മിതമായ കാലാവസ്ഥയാണ്.

- എന്നാൽ സമുദ്രസാമിപ്യം ഇല്ലാത്ത പ്രദേശങ്ങളിൽ വേനലും ശൈത്യവും മിതമായിരിക്കും.

**ധാതുനിക്ഷേപങ്ങൾ**

- ധാതു നിക്ഷേപങ്ങളുടെ കലവറയാണ് സമുദ്രം.

- കറിയുപ്പ് , ബ്രോമിൻ , മഗ്നീഷ്യം , പെട്രോളിയം എന്നീ നിക്ഷേപങ്ങൾ സമുദ്രത്തിലുണ്ട്.

**വൈദ്യുതി ഉത്പാദനം**

- സമുദ്രം വൈദ്യുതി ഉല്പാദനത്തിനും ഉപയോഗിക്കുന്നു.

- തിരമാലകൾ , വേലികൾ എന്നിവ വൈദ്യുതി ഉല്പാദനത്തിന് ഉപയോഗിക്കുന്നു.

**ഭക്ഷ്യവിഭവങ്ങൾ**

- മത്സ്യം എന്ന ഭക്ഷണം പ്രദാനം ചെയ്യുന്നു.

- ആന്റി ബയോട്ടിക്കുകൾ , സ്റ്റിറോയിഡുകൾ , വൈറ്റമിനുകൾ എന്നിവയുടെ ഉല്പാദനത്തിനായി സമുദ്രത്തിലെ സസ്യജന്തുജാലങ്ങളെ ഉപയോഗിക്കുന്നു.

- പലതരം മരുന്നുകളുടെ ഉപയോഗത്തിനും ഉപയോഗിക്കുന്നു.

or

➡ തുറമുഖങ്ങളിലും സമുദ്രതീരങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ ഉൾക്കടലിലേക്ക് നീക്കം ചെയ്യുന്നു.

➡ ശക്തമായ വേലികളുടെ ഫലമായി നദീമുഖങ്ങളിൽ ഡെൽറ്റകൾ രൂപം കൊള്ളുന്നത് തടസ്സപ്പെടുന്നു.

➡ വേലിയേറ്റ സമയങ്ങളിൽ ഉപ്പളങ്ങളിൽ കടൽ വെള്ളം കയറ്റാൻ കഴിയുന്നു. മീൻ പിടുത്തത്തിനായി കടലിലേക്ക് കട്ടമരങ്ങളിൽ പോകുന്നതിനും വരുന്നതിനും എളുപ്പമാകുന്നു.

➡ വേലിയേറ്റശക്തിയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നു.

➡ ആഴം കുറഞ്ഞ തുറമുഖങ്ങളിലേക്ക് കപ്പലുകൾ അടുപ്പിക്കുന്നത് വേലിയേറ്റസമയത്താണ്. 6

20. - പൊതുജനാഭിപ്രായം രൂപീകരിക്കുന്നു.

- ഗവൺ മെന്റിനേയും ജനങ്ങളേയും ബന്ധിപ്പിക്കുന്നു.

- രാഷ്ട്രീയ ബോധവത്കരണം നടത്തുന്നു.

- തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കുമ്പോൾ ഗവണ്മെന്റ് രൂപീകരിക്കുന്നു.

- ഗവൺ മെന്റിന്റെ തെറ്റായ നയങ്ങളെ വിമർശിക്കുന്നു. 4

21. - കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു.

- മാതൃരാജ്യത്തേക്ക് വിദേശനാണ്യം ലഭ്യമാക്കുന്നു.
- സാങ്കേതികാ വിദ്യാകൈമാറ്റം സാധ്യമാക്കുന്നു.
- വിഭവ ചൂഷണം ഉണ്ടാകുന്നു. 3

22. - ഒരു നിയോജകമണ്ഡലത്തിൽ നിന്നും മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതലായി വോട്ട് കിട്ടുന്ന ആളെ വിജയിയായി കണ്ടെത്തുന്ന രീതിയാണ് കേവലഭൂരിപക്ഷ വ്യവസ്ഥ.

- ലളിതവും എളുപ്പത്തിൽ നടപ്പാക്കാൻ കഴിയുന്നതുമായ രീതിയാണിത് .
- ലോകത്തിലെ ഭൂരിഭാഗം ജനാധിപത്യരാജ്യങ്ങളും ഈ രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. 3

23 . a]മെട്രോപൊളിറ്റൻ നഗരം

b]ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യ

c] ഒരു ലക്ഷത്തിലധികവും 10 ലക്ഷത്തിൽ താഴെയുമുള്ള ജനസംഖ്യ

d]50 ലക്ഷത്തിലധികം ജനസംഖ്യ 4

24. - ലോകസഭയിലും സംസ്ഥാന നിയമസഭകളിലും സമൂഹത്തിലെ ദുർബലരുടേയും അടിച്ചമർത്തപ്പെട്ട വിഭാഗക്കാരുടേയും പ്രാതിനിത്യം ഉറപ്പുവരുത്തുന്നതിനു വേണ്ടി ഇന്ത്യയിൽ പട്ടിക ജാതിക്കർക്കും പട്ടികവർഗ്ഗക്കാർക്കും സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു.

- സംവരണം ചെയ്ത മണ്ഡലങ്ങളിൽ ആ സമുദായത്തിൽ പെട്ടവർക്കുമാത്രമേ മത്സരിക്കാൻ കഴിയുകയുള്ളു.
- എന്നാൽ എല്ലാ വിഭാഗം ജനങ്ങൾക്കും വോട്ട് ചെയ്യാൻ അവകാശം ഉണ്ടായിരിക്കും 3

25. - പ്രതിശിർഷ വരുമാനം

- സാക്ഷരതയും മൊത്തസ്കൂൾ പ്രവേശനവും
- ആയുർദൈർഘ്യം 3

Prepared by

BIJU. M
GHSS PARAPPA, KASARGOD

COLIN JOSE . E
Dr. AMMRHSS KATTELA , TVPM